പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 448 13-10-2026-ൽ മറുപടിയ്ക്ക്

അഗ്നിസുരക്ഷാ വിഭാഗത്തിന്റെ നവീകരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എൻ. ശക്തൻ	ശ്രീ. രമേശ് ചെന്നിത്തല
ശ്രീ. സി. വി. ശാന്തകുമാർ	(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)
ശ്രീ. എം. ആർ. ബൈജു	

(എ) വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും ഉയരം കൂടിയ കെട്ടിടങ്ങളുടെ എണ്ണവും കണക്കിലെടുത്ത് ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

മറുപടി: കേരളത്തിലെ നഗരവത്കരണവും ഉയരം കൂടിയ കെട്ടിടങ്ങളുടെ വർധനവും പരിഗണിച്ച് അഗ്നിരക്ഷാ സേവനം കൂടുതൽ ആധുനികവത്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അഗ്നിരക്ഷാ നിലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനിക ഫയർ & റെസ്ക്യൂ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യത വർധിപ്പിക്കൽ, ഉയരം കൂടിയ കെട്ടിടങ്ങളിലെ അഗ്നിബാധയും രക്ഷാപ്രവർത്തനവും നേരിടുന്നതിനുള്ള പ്രത്യേക ഉപകരണങ്ങൾ ലഭ്യമാക്കൽ, ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ആവശ്യകതയും ഫണ്ട് ലഭ്യതയും പരിഗണിച്ച് വിവിധ ധനസ്രോതസ്സുകൾ മുഖേന ആധുനിക ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) ഉയരം കൂടിയ കെട്ടിടങ്ങളിലെ തീപിടിത്തം നിയന്ത്രിക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും ആവശ്യമായ ഹൈഡ്രോളിക് പ്ലാറ്റ്ഫോമുകളും ഏരിയൽ ലാഡറുകളും അഗ്നിസുരക്ഷാ വിഭാഗത്തിന്റെ പക്കൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉയരം കൂടിയ കെട്ടിടങ്ങളിലെ അഗ്നിബാധ നിയന്ത്രിക്കുന്നതിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും ആവശ്യമായ ഹൈഡ്രോളിക് പ്ലാറ്റ്ഫോമുകളും ഏരിയൽ ലാഡറുകളും നിലവിൽ വകുപ്പിന് ലഭ്യമല്ല. ഏരിയൽ ലാഡർ പ്ലാറ്റ്ഫോം ഒരെണ്ണം പ്ലാൻഫണ്ട് വിനിയോഗിച്ചും, 2 എണ്ണം 15-ാം ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ചും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിലുള്ള ആവശ്യകതയും നഗരപ്രദേശങ്ങളിലെ ഉയരം കൂടിയ കെട്ടിടങ്ങളുടെ വർധന

വും കണക്കിലെടുത്ത് കൂടുതൽ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) കാലപ്പഴക്കം ചെന്ന ഫയർ എഞ്ചിനുകളും മറ്റ് രക്ഷാപ്രവർത്തന ഉപകരണങ്ങളും മാറ്റി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മറുപടി: 15 വർഷം പൂർത്തീകരിച്ച കാലപ്പഴക്കം ചെന്ന ഫയർ എഞ്ചിനുകളും മറ്റ് രക്ഷാപ്രവർത്തന ഉപകരണങ്ങളും ഘട്ടംഘട്ടമായി മാറ്റി, പകരം ആധുനിക സാങ്കേതിക വിദ്യയിലുള്ള വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി പ്ലാൻഫണ്ട്, 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കണ്ടിംനേഷൻ ഫണ്ട് എന്നിവയുൾപ്പെടെയുള്ള വിവിധ ധനസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി ആവശ്യമായ വാഹനങ്ങളും ആധുനിക ഫയർ & റെസ്ക്യൂ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ